## പതിനാലാം കേരള നിയമസഭ

## അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ. 5850 — 25/05/2017-ൽ മറുപടിക്ക്

# ആതിരപ്പള്ളി വൈദ്യുതപദ്ധതി നടപ്പാക്കുന്നതിലേക്ക് കെ.എസ്.ഇ.ബോർഡ് ചെലവാക്കിയ തുക

| | ചോദ്യം<br><br>ശ്രീ.പി.സി. ജോർജ്ജ് | | ഉത്തരം<br><br>ശ്രീ. എം.എം.മണി<br>(വൈദ്യുതി വകുപ്പ് മന്ത്രി) |
|---|---|---|---|
| (എ) | ആതിരപ്പള്ളി വൈദ്യുതപദ്ധതി ഉപേക്ഷിയ്ക്കാൻ എന്തെങ്കിലും നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; | (എ) | ഇല്ല. |
| (ബി) | എങ്കിൽ എന്തുകൊണ്ടാണ് ഈ പദ്ധതി ഉപേക്ഷിക്കാൻ പോകുന്ന തെന്ന് വിശദമാക്കുമോ; | (ബി) | ബാധകമല്ല |
| (സി) | ഈ പദ്ധതി സംബന്ധിച്ച പ്രവർത്തനം കെ.എസ്.ഇ. ബോർഡ് ലിമിറ്റഡ് ആരംഭിച്ചത് എന്നാണ്; വിശദാംശങ്ങൾ വെളിപ്പെടുത്തുമോ? | (സി) | അതിരപ്പിള്ളി ജലവൈദ്യുത പദ്ധതിയുടെ പ്രാഥമിക പ്രോജക്ട് റിപ്പോർട്ട് 1982-ലാണ് തയ്യാറാക്കിയത്. വിശദമായ പഠനത്തിനു ശേഷം കേന്ദ്ര വനം പരിസ്ഥിതി മന്ത്രാലയം 1998-ലും 2005-ലും, 2007-ലും പാരിസ്ഥിതിക അനുമതി നൽകിയിരുന്നു. തുടർന്ന് വിവിധ പൊതു താല്പര്യ ഹർജികൾ പരിഗണിച്ച് മന്ത്രാലയം 2007-ൽ നൽകിയ പാരിസ്ഥിതിക അനുമതി റദ്ദാക്കാതിരിക്കാനുള്ള കാരണം കാണിക്കൽ നോട്ടീസ് 04.01.2010-ൽ കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡിന് നൽകുകയും ഇതിനുള്ള മറുപടി കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡ് 2010 ജനുവരി മാസം തന്നെ മന്ത്രാലയത്തിന് നൽകുകയും ചെയ്തിട്ടുണ്ട്. ഈ നോട്ടീസ് 09.10.2015-ൽ കേന്ദ്ര വനം പരിസ്ഥിതി മന്ത്രാലയം പിൻവലിക്കുകയും 163 മെഗാവാട്ടിന്റെ പദ്ധതിയ്ക്ക് പാരിസ്ഥിതിക അനുമതി 18.07.2017 വരെ നീട്ടി തരുകയും ചെയ്തു. |

| | | | |
|---|---|---|---|
| (ഡി) | ഈ പദ്ധതി നടപ്പാക്കുന്നതിലേക്ക് കെ.എസ്.ഇ.ബോർഡ് ലിമിറ്റഡ് എത്ര കോടി രൂപാ ചെലവാക്കിയിട്ടുണ്ട്; ഓരോ സാമ്പത്തിക വർഷം തിരിച്ച് തുക വിശദമാക്കുമോ? | (ഡി) | ഈ പദ്ധതിയ്ക്കായി ഇതുവരെയും 14.45 കോടി രൂപ ചെലവാക്കിയിട്ടുണ്ട്.<br><br>സാമ്പത്തിക വർഷം തിരിച്ചിട്ടുള്ള വിവരം ചുവടെ ചേർക്കുന്നു. |

| | |
|---|---|
| Upto 2008-09 | ₹7,98,61188/- |
| 2009-2010 | ₹1,08,78,868/- |
| 2010-2011 | ₹1,23,62,902/- |
| 2011-2012 | ₹2,06,13,519/- |
| 2012-2013 | ₹88,28,159/- |
| 2013-2014 | ₹27,25,081/- |
| 2014-2015 | ₹23,20,324/- |
| 2015-2016 | ₹22,06,264/- |
| 2016-2017 | ₹47,03,695/- |
| **Total** | **₹14.45 കോടി** |

സെക്ഷൻ ഓഫീസർ